## പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 12** **05.12.2022 - ൽ മറുപടിക്ക്.**

## റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. അനൂപ് ജേക്കബ്**<br>**ശ്രീ. മാണി. സി. കാപ്പൻ :** | | **ശ്രീ. ജി.ആർ.അനിൽ**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് ഭക്ഷ്യധാന്യ സംഭരണവുമായി ബന്ധപ്പെട്ട് റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;<br><br>**(ബി)** റേഷൻ കടകളുടെ സ്ഥലപരിമിതി മൂലം ഭക്ഷ്യധാന്യങ്ങൾ കേടാകുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>**(സി)** സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ; റേഷൻ വ്യാപാരികൾക്ക് കടമുറികൾ കിട്ടാത്ത സാഹചര്യം ഒഴിവാക്കാൻ സർക്കാർ ഇടപെടൽ ഉണ്ടാകുമോയെന്ന് | **(എ)**<br>**യും**<br>**(ബി)**<br>**യും**<br>**(സി)**<br>**യും** | റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'Establishing Adequate Storage space for all Fair Price Shop in the State' എന്ന പദ്ധതി ഘടകത്തിനായി 2022-2023 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ ധാന്യ സംഭരണവുമായി ബന്ധപ്പെട്ട് റേഷൻ കടകളിലെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br>കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 32 പ്രകാരം റേഷൻ കട അനുവദിക്കുന്നതിനായി കണ്ടെത്തുന്ന കെട്ടിടത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉണ്ടാകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br>കെട്ടിടം ഉറപ്പുള്ളതും 10 ക്വിന്റലിന് 14 ചതുരശ്ര അടി എന്ന തോതിൽ രണ്ടുമാസത്തെ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ സൗകര്യമുള്ളതും ജോലി ചെയ്യുന്നതിനായി 40 ചതുരശ്ര അടി സ്ഥലസൗകര്യമുള്ളതും മണ്ണെണ്ണ സൂക്ഷിക്കുന്നതിന് ബാരലിന് 5 ചതുരശ്ര അടി സ്റ്റോറേജ് സൗകര്യമുള്ളതും വൈദ്യുതീകരിച്ചതുമായിരിക്കണം.<br>കേരള റേഷനിംഗ് ഓർഡർ നിലനിന്നിരുന്ന കാലയളവിൽ അനുവദിച്ചിരുന്ന |

| | | |
|---|---|---|
| വ്യക്തമാക്കുമോ; | | സ്ഥലപരിമിതിയുളള റേഷൻ കടകളിൽ യഥാവിധി സ്റ്റോക്ക് ചെയ്യാൻ സാധിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. ഇപ്രകാരമുളള റേഷൻ കടകളിൽ ഓരോ മാസവും രണ്ടോ മൂന്നോ തവണയായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകുകയാണ് ചെയ്യുന്നത്. സ്ഥലപരിമിതി മൂലം ഭക്ഷ്യധാന്യങ്ങൾ കേടാകുന്നതായുളള സാഹചര്യം നിലവിലില്ല.<br>കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി പുതിയ റേഷൻ കട ലൈസൻസ് അനുവദിക്കുന്നതിന് റേഷൻ വ്യാപാരികൾ കടമുറികൾ കണ്ടെത്തുന്നുണ്ട്. ആയതിനാൽ കടമുറികൾ കിട്ടാത്ത സാഹചര്യം നിലവിലില്ല. സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നത് പരിഗണനയിലില്ല. |
| **(ഡി)** റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കുമോ; ആയത് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ഡി)** | കമ്മീഷൻ വെട്ടിക്കുറിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് 216 കോടിയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എ.ആർ.ഡി ലൈസൻസികൾക്കുള്ള നോർമൽ കമ്മീഷൻ വിതരണത്തിന് 15 കോടി രൂപയാണ് ഓരോ മാസവും ചെലവ് വരുന്നത്. ആയതു പ്രകാരം 01.04.2022 മുതൽ 31.03.2023 വരെയുള്ള മാസങ്ങളിൽ കമ്മീഷൻ വിതരണം ചെയ്യുന്നതിന് ഈ തുക പര്യാപ്തമാണ്. എന്നാൽ കോവിഡ് കാലത്ത് NFSA കാർഡുടമകൾക്ക് (AAY, PHH) കേന്ദ്ര സർക്കാർ PMGKAY പദ്ധതിപ്രകാരം അധിക റേഷൻ വിഹിതം അനുവദിച്ചിരുന്നു. ടി സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ഈ സാമ്പത്തിക വർഷവും തുടർന്നു വരുന്നു. ആയതിനാൽ ഓരോ മാസവും 28.44 കോടി രൂപയോളം കമ്മീഷൻ ഇനത്തിൽ മാത്രം ചെലവഴിക്കേണ്ടി വരുന്നു. PMGKAY ഭക്ഷ്യധാന്യ വിതരണത്തിന്റെ കമ്മീഷൻ കൂടി നൽകുമ്പോൾ, റേഷൻ വ്യാപാരികൾക്ക് നോർമൽ കമ്മീഷന്റെ ഏകദേശം ഇരട്ടിയിലധികം തുക ഓരോ മാസവും നൽകേണ്ടതായി വരുന്നു.<br>ഒരു ക്വിന്റൽ ഭക്ഷ്യധാന്യ വിതരണത്തിന് കമ്മീഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ |

239/- രൂപ ചെലവഴിക്കുമ്പോൾ NFSA സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിന് ക്വിന്റലിന് 43.5 രൂപയും PMGKAY ഭക്ഷ്യധാന്യ വിതരണത്തിന് ക്വിന്റലിന് 87 രൂപയും മാത്രമാണ് കേന്ദ്ര വിഹിതമായി റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നത്.

അതായത് സംസ്ഥാന സർക്കാരിന് കമ്മീഷൻ ഇനത്തിൽ ഒരു ക്വിന്റൽ NFSA സ്കീം ഭക്ഷ്യധാന്യ വിതരണത്തിന് 195.50 രൂപയും (ആകെ ചെലവിന്റെ 81%) ഒരു ക്വിന്റൽ PMGKAY സ്കീം ഭക്ഷ്യധാന്യ വിതരണത്തിന് 156 രൂപയും (ആകെ ചെലവിന്റെ 65%) കേന്ദ്ര വിഹിതത്തിനു പുറമെ അധികമായി ചെലവാകുന്നു. ഏറ്റവും കൂടുതൽ റേഷൻ വ്യാപാരി കമ്മീഷൻ നൽകി വരുന്ന സംസ്ഥാനം കേരളമാണ്.

കൂടാതെ കോവിഡുമായി ബന്ധപ്പെട്ട് 2021 മെയ് മാസം നൽകിയ ഭക്ഷ്യ കിറ്റ് കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് 4,26,45,895/- രൂപ കമ്മീഷൻ അനുവദിച്ച നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2022 ഒക്ടോബർ മാസം വരെ റേഷൻ വ്യാപാരികൾക്ക് 2,30,89,93,763/- രൂപ കമ്മീഷൻ ഇനത്തിൽ അനുവദിച്ച നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ഇ)** | മറ്റ് ക്ഷേമനിധികളിൽ ഉള്ളതുപോലെയുള്ള സർക്കാർ വിഹിതം റേഷൻകടക്കാർക്കുള്ള ക്ഷേമനിധിയിൽ ഇല്ലാത്ത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | **(ഇ)** | റേഷൻ വ്യാപാരി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് വിവിധ ഘട്ടങ്ങളിലായി 5.50 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. മറ്റു ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ സഹായം ലഭ്യമാക്കുന്ന പ്രകാരം റേഷൻ ക്ഷേമനിധി ബോർഡിനും ഗ്രാന്റ് അനുവദിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ച വരുന്നു. റേഷൻ ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**